# CAREER Updates

# പത്രവൃത്താന്തം

**16.07.2024 (ചൊവ്വ)**



- ⇨ 2024-ലെ യൂറോകപ്പ് ഫുട്ബോൾ ജേതാക്കൾ
- ✔ സ്പെയിൻ
- ഫൈനലിൽ ഇംഗ്ലണ്ടിനെ 2-1-നാണ് തോൽപ്പിച്ചത്. സ്പെയിനിന്റെ നാലാമത്തെ യൂറോകപ്പ് കിരീടമാണിത്.
- നിക്കോ വില്ല്യംസാണ് (സ്പെയിൻ) യൂറോകപ്പ് ഫൈനലിലെ പ്ലെയർ ഓഫ് ദ മാച്ച് ആയി തിരഞ്ഞെടുക്കപ്പെട്ടത്. സ്പെയിനിന്റെ തന്നെ താരമായ റോഡ്രി ആണ് പ്ലെയർ ഓഫ് ദ ടൂർണമെന്റ്. ലമീൻ യമാൽ (സ്പെയിൻ) ആണ് മികച്ച യുവതാരം. കോഡി ഗാക്പോ (നെതർലന്റ്സ്), ഹാരി കെയ്ൻ (ഇംഗ്ലണ്ട്), ഡാനി ഓൽമോ (സ്പെയിൻ), മുസിയാല (ജർമനി), ഇവാൻ ഷ്രാൻസ് (സ്ലൊവാക്യ), ജോർജസ് മികൗറ്റാഡെസ് (ജോർജിയ) എന്നിവർ ഗോൾഡൻ ബൂട്ട് പുരസ്കാരം പങ്കുവച്ചു.




- ⇨ 2024-ലെ കോപ്പ അമേരിക്ക ഫുട്ബോൾ ജേതാക്കൾ
- ✔ അർജന്റീന
- ഫൈനലിൽ കൊളംബിയയെ 1-0-ന് തോൽപ്പിച്ചു. അർജന്റീനയുടെ 16-ാമത് കോപ്പ അമേരിക്ക കിരീടമാണിത്.
- കൊളംബിയൻ ടീമിന്റെ ക്യാപ്റ്റനായ ഹാമിഷ് റോഡ്രിഗസ് ആണ് പ്ലെയർ ഓഫ് ദ ടൂർണമെന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്. അർജന്റീനയുടെ ലൗറ്റാരോ മാർട്ടിനസ് ഗോൾഡൻ ബൂട്ട് നേടി. ആകെ അഞ്ച് ഗോളുകളാണ് ടൂർണമെന്റിൽ ഇദ്ദേഹം നേടിയത്. അർജന്റീനയുടെ ഗോൾകീപ്പറായ എമിലിയാനോ മാർട്ടിനസ് മികച്ച ഗോൾകീപ്പർക്കുള്ള ഗോൾഡൻ ഗ്ലൗവ് നേടി. കൊളംബിയയ്ക്കാണ് ടൂർണമെന്റിലെ ഫെയർപ്ലേ പുരസ്കാരം.

- ⇨ 2024 ജൂലൈയിൽ സമൂഹമാധ്യമമായ എക്സിൽ ഏറ്റവും കൂടുതൽ പേർ പിന്തുടരുന്ന (100 മില്ല്യൺ) ലോകനേതാവ് എന്ന നേട്ടം കൈവരിച്ചത്
- ✔ നരേന്ദ്ര മോദി
- ⇨ 2024 ജൂലൈയിൽ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര നിർമ്മാതാവും സംവിധായകനുമായ വ്യക്തി
- ✔ എം. മണി (അരോമ മണി)
- ⇨ 2024-ലെ വിംബിൾഡൺ വനിതാവിഭാഗം ഡബിൾസിൽ കിരീടം നേടിയത്
- ✔ കാതറിന സിനിയക്കോവ (ചെക്ക് റിപ്പബ്ലിക്) - ടെയ്‌ലർ ടൗൺസെന്റ് (അമേരിക്ക)

CAREER GUIDANCE BUREAU

- ⇨ 2024 ജൂലൈയിൽ പ്രഥമ ഒളിമ്പിക് ഇ-സ്പോർട്സ് ഗെയിംസിന് വേദിയാകുന്നത്
- ✔ സൗദി അറേബ്യ
- ⇨ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള തരിശുഭൂമിയിലും സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിലും അത്യാധുനികരീതിയിൽ പഴം, പച്ചക്കറി കൃഷി നടത്താൻ സംസ്ഥാന കൃഷി വകുപ്പ് 2024 ജൂലൈയിൽ പ്രഖ്യാപിച്ച പദ്ധതി
- ✔ നവോത്ഥാൻ പദ്ധതി
- കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) ആണ് പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നത്.

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999